ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വ്യാപകമായി അങ്ങനെ ആക്ഷേപമില്ല. പ്രശ്നങ്ങൾ സമയാസമയം പരിഹരിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, പോലീസ് ഓഫീസർ എന്നിവരടങ്ങിയ പ്രാദേശിക സമിതി രൂപീകരിച്ച് തീർപ്പാക്കുവാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വേനൽമഴയിൽ ഉണ്ടായിട്ടുള്ള കൃഷിനാശം

132 (2765) ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ വേനൽമഴയിൽ നെൽകർഷകർ ഉൾപ്പെടെയുള്ള കർഷകർക്ക് ഉണ്ടായിട്ടുള്ള കൃഷിനാശം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് എന്തെങ്കിലും സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ കൃഷിനാശം സംഭവിച്ചതിന് ഏതെല്ലാം അവസരങ്ങളിൽ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട് ;

(ഡി) ഇവ പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രത്യേക സഹായം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ (SDRF) മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം നൽകുന്നുണ്ട്. ഇക്കഴിഞ്ഞ വേനൽമഴയിൽ കൃഷിനശിച്ചവർക്ക് SDFR-ൽ നിന്ന് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) 2011-ലെ വേനൽമഴയിൽ നെൽകൃഷി പൂർണ്ണമായും നശിച്ച കുട്ടനാട്ടിലെ കർഷകർക്ക് ഹെക്ടറിന് 10,000 രൂപ നിരക്കിലും ഭാഗികമായി നെൽകൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 6,000 രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly